പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2153** — 17-2-2016 ൽ മറുപടിക്ക്

# പൊതു മേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്

ചോദ്യം

**ശ്രീ.വി.ഡി.സതീശൻ**
**ശ്രീ. വർക്കല കഹാർ**
**ശ്രീ. ബെന്നി ബെഹനാൻ**
**ശ്രീ. ജോസഫ് വാഴക്കൽ**

ഉത്തരം

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിൻ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമയബന്ധിതമായി തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ) യും (ബി) യും ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനായി സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ആഡിറ്റ് കുടിശ്ശികയുള്ള കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ലാഭ നഷ്ടക്കണക്കുകളുടെ നിജസ്ഥിതി അറിയുന്നതിനും ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും, മത്സരാധിഷ്ഠിത ടെണ്ടറുകളിൽ പങ്കെടുക്കുന്നതിനും കണക്കുകൾ പൂർത്തീകരിക്കണമെന്ന നിബന്ധനകൾ പാലിക്കേണ്ട സാഹചര്യം ഉള്ളതിനാൽ സർക്കാർ മുന്തിയ പരിഗണന നൽകി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്റേണൽ ആഡിറ്റിംഗ് കൂടുതൽ ശക്തമാക്കി. ഇതിനായി ആഡിറ്റേഴ്സിന്റെ ഒരു പാനൽ തയ്യാറാക്കി ഇതിൽ നിന്നും ആഡിറ്ററെ നിയമിക്കാനുള്ള നിർദ്ദേശം എല്ലാ കമ്പനികൾക്കും നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ധനകാര്യ വിഭാഗത്തിൽ ആ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സേവനം ഉറപ്പ്

വരുത്തുകയും ചെയ്യുന്നുണ്ട്. ബോർഡ് തലത്തിൽ ആഡിറ്റ് കമ്മറ്റി രൂപീകരിച്ച് കൃത്യമായ നിരീക്ഷണ വിലയിരുത്തൽ നടത്തി വരുന്നു. സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൻെറ പുരോഗതി RIAB-മുഖേന അവലോകനം ചെയ്തുവരുന്നുണ്ട്. സർക്കാർ തലത്തിലും ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച പ്രത്യേക അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. സ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് റിപ്പോർട്ടിൻെറ വിശദമായ അവലോകനവും നടത്തിവരുന്നു. ഇതു കൂടാതെ അക്കൗണ്ടൻറ് ജനറലിൻെറ ഓഫീസിൽ നിന്നുള്ള ആഡിറ്റ് സംവിധാനവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ